# ഭരണഭാഷ - മാതൃഭാഷ


**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**
dtekerala@gmail.com
04712561307


**<u>നടപടിക്രമം</u>**

സാങ്കേതിക വിദ്യാഭ്യാസം - ഡയറക്ടറുടെ കാര്യാലയം,തിരുവനന്തപുരം - ജീവനക്കാര്യം (ബി) - പൊതു സ്ഥലംമാറ്റം 2023 - വിവിധ ട്രേഡ്സ്മാൻ തസ്തിക - "സ്പാർക്ക്" നിർമിത അന്തിമ പട്ടിക - പ്രസിദ്ധീകരിച്ച് -ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ജീവനക്കാര്യം (ബി). - വിഭാഗം

നം: EB3/12258/23/ഡി.ടി.ഇ (I) തിരുവനന്തപുരം , തീയതി: 06.07.2023

---

വായന:- 1.25.02.2017 - ലെ സ. ഉ (പി) നം.03/2017/ഉഭപവ നമ്പർ സർക്കാർ ഉത്തരവ്
2 ഈ കാര്യാലയത്തിലെ ഇതേ നമ്പർ പൊതു സ്ഥലംമാറ്റം 2023 "സ്പാർക്ക്" നിർമിത അന്തിമ പട്ടിക.
3. സ്പാർക്ക് മുഖാന്തിരം ലഭിച്ച പരാതികൾ

**<u>ഉത്തരവ്</u>**

പരാമർശ (2) പ്രകാരം, വിവിധ ട്രേഡുകളിലെ ട്രേഡ്സ്മാൻ തസ്തികയിൽ ഉള്ളവർക്ക് സ്ഥലംമാറ്റം നല്കി കൊണ്ടുള്ള ഉത്തരവിൻറെ കരട് പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത ഉത്തരവിൽ പരാമർശം (3) ലെ പരാതികൾ പരിഹരിച്ച് താഴെപ്പറയും പ്രകാരം ഭേദഗതി വരുത്തി ഇതിനാൽ ഉത്തരവാകുന്നു.

**1.ഇലക്ട്രിക്കൽ/വയർമാൻ ട്രേഡിൽ** ക്രമ നം.1 പ്രകാരം തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ സേവനം അനുഷ്ഠിക്കുന്ന ശ്രീ. മുരുകൻ എസ് (PEN:649611) നെ കുളത്തൂർ ഗവ. ടെക്നിക്കൽ ഹൈസ്കൂളിലേക്ക് സ്ഥലം മാറ്റം നൽകി. എന്നാൽ കുളത്തൂർ ഗവ. ടെക്നിക്കൽ ഹൈസ്കൂളിൽ ഇതേ ട്രേഡിൽ (ഇലക്ട്രിക്കൽ/വയർമാൻ) സേവനം അനുഷ്ഠിക്കുന്ന **ശ്രീ ജോസ്. ആർ (PEN:172219)**നെ വേറെ സ്ഥാപനത്തിലേക്ക് സ്ഥലം മാറ്റം നല്കിയതായി കാണുന്നില്ല . അതിനാൽ ടിയാനെ തിരുവനന്തപുരം ജില്ലയിൽ തുറന്ന ഒഴിവ് നിലവിൽ ഉള്ള നെയ്യാറ്റിൻകര സർക്കാർ പോളിടെക്നിക്ക് കോളേജിലേക്ക് സ്ഥലം മാറ്റം നൽകികൊണ്ട് ഉത്തരവാകുന്നു.

**2.ഷീറ്റ്മെറ്റൽ ട്രേഡിൽ** ക്രമ നം.4 പ്രകാരം കോട്ടയം സർക്കാർ പോളിടെക്നിക്ക് കോളേജിൽ സേവനം അനുഷ്ഠിക്കുന്ന **ശ്രീ. സിയാദ് എം(PEN:562556)** നെ ശ്രീ.സോജൻ ആൻറണി(PEN:384742) യുടെ സ്ഥലം മാറ്റം മൂലം ഉണ്ടായ കോട്ടയം രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി യിലെ ഒഴിവിലേക്ക് സ്ഥലം മാറ്റം നൽകികൊണ്ട് ഉത്തരവാകുന്നു.

**3.വെൽഡിങ് ട്രേഡിൽ** ക്രമ നം.1 പ്രകാരം കളമശേരി സർക്കാർ പോളിടെക്നിക്ക് കോളേജിൽ സേവനം അനുഷ്ഠിക്കുന്ന **ശ്രീ.അനീഷ് വി കെ(PEN:825595)** ഇലഞ്ഞി സർക്കാർ ടെക്നിക്കൽ ഹൈസ്കൂളിലേക്ക് സ്ഥലം മാറ്റം നല്കിയിരുന്നു. എന്നാൽ ടി സ്ഥാപനത്തിൽ ഒഴിവില്ലാത്തതിനാൽ ടിയാനെ കോതമംഗലം സർക്കാർ പോളിടെക്നിക്ക് കോളേജിലെ തുറന്ന ഒഴിവിലേക്ക് സ്ഥലം മാറ്റം നൽകികൊണ്ട് ഉത്തരവാകുന്നു.
മേൽ ഭേദഗതിയോടെ പ്രസിദ്ധീകരിക്കപ്പെട്ട അന്തിമ ഉത്തരവ് നിലനിൽക്കുന്നതാണ്.

ഒപ്പ് /-

ഡോ. രാജശ്രീ എം.എസ്
ഡയറക്ടർ (ഇൻ ചാർജ്)

പകർപ്പ്
1.ബന്ധപ്പെട്ട ജീവനക്കാർക്ക് (ഡിടിഇ വെബ് സൈറ്റ് വഴി)
2.ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക് (ഡിടിഇ വെബ് സൈറ്റ് വഴി)
3.ഐടി സെൽ,ഡിടിഇ
4.കരുതൽ ഫയൽ


Approval Valid

Digitally Approved By
ഡോ. രാജശ്രീ എം.എസ്
Date: 06.07.2023
Reason: Approved

The document is digitally approved. Hence signature is not needed.

Draft #6 of File EB3/12258/23/DTE Approved by Director (in-charge) on 06-Jul-2023 02:41 PM - Page 1